JAGRATHA 90

Vol-3, N0:16
06-04- 2009

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത




## പൊതുതെരഞ്ഞെടുപ്പിൽ ക്രൈസ്തവർക്ക് എല്ലാം ഓർമയുണ്ടായിരിക്കണം

കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ

ക്രൈസ്തവസഭ സഭാമക്കളുടെ രാഷ്ട്രീയവിവേകം രൂപീകരിക്കുന്നതിൽ തെറ്റുണ്ടോ? ഇടയലേഖനത്തിൽ രാഷ്ട്രീയ നയരൂപീകരണം നടത്തുന്നത് ശരിയാണോ? സഭയ്ക്ക് ആത്മീയശുശ്രൂഷകളിൽ ഇടപെട്ടുകൊണ്ട് നിശബ്ദജീവിയായി കഴിഞ്ഞുപോരുന്ന രീതി തുടർന്നുകൂടേ? ഇത്തരം നിരവധി ചോദ്യങ്ങൾ അടുത്തകാലത്തായി പല വേദികളിൽ നിന്നും ഉയർന്നുവരുന്നു. അതിൽ അസഹിഷ്ണുതയുടെ സ്വരമാണ് കൂടുതലും. രാഷ്ട്രീയവേദികളിലും മാധ്യമങ്ങളുടെ ചോദ്യത്തര വേദികളിലും ചർച്ചാവേദികളിലും ഈ ചോദ്യങ്ങളെല്ലാം സജീവമായിരുന്നു.

### സഭയുടെ കർത്തവ്യങ്ങൾ

സഭയിൽ നിഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ എന്താണെന്ന് ആദ്യം മനസിലാക്കണം. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സഹവസിക്കുന്ന സമൂഹം- ക്രൈസ്തവ സഭ എന്ന് ഒറ്റവാക്യത്തിൽ വിവരിക്കാം. ക്രിസ്തുവചനങ്ങളാണ് സഭയുടെ വഴിയും വെളിച്ചവും. ക്രിസ്തുവചനമായ ബൈബിളാണ് ക്രൈസ്തവ സഭയുടെ ആധാരശില.

ക്രിസ്തുവിന്റെ കല്പനകളിലും വചനങ്ങളിലും അതിരൂഢമായി വിശ്വസിക്കുന്ന ജനപഥത്തിന്റെ കൂട്ടായ്മയാണ് ക്രൈസ്തവസമൂഹം. സമൂഹത്തിന്റെ വിശ്വാസത്തെ ഉറപ്പിക്കുന്ന ആചാരാനുഷ്ഠാനങ്ങളും ആരാധാനാക്രമങ്ങളുമാണ് സഭയുടെ കൂട്ടായ്മ ഊട്ടിവളർത്തുന്നത്. ഇത്തരം ആരാധനാക്രമങ്ങളിലൂടെ സഭാമക്കളുടെ ആത്മീയ ജീവിതത്തെ പ്രകാശപൂർണമാക്കുകയാണ് വൈദികർ ഉൾപ്പെടെയുള്ള സഭാപ്രതിപുരുഷന്മാരുടെ കർത്തവ്യം. ക്രിസ്തുവിലുള്ള വിശ്വാസമാണ് ക്രൈവസ്തർ എന്നതിന്റെ ആധാരശില. ക്രിസ്തുവിൽ വിശ്വാസമില്ലാത്തവർക്ക് ക്രൈസ്തവനായിരിക്കുന്നതിനും സാധ്യമല്ല. അതിനാൽ തന്നെ സഭാമക്കളെ ക്രിസ്തുവിശ്വാസത്തിലും ക്രിസ്തുവചനങ്ങളിലും ഊട്ടിവളർത്തുക എന്നുള്ളതാണ് വൈദികർ ഉൾപ്പെടെയുള്ള ആത്മീയപ്രതിപുരുഷന്മാരുടെ കടമ. ഇങ്ങനെ ഒരു ജനപഥമെന്ന തലത്തിൽ ആത്മീയജിവിതത്തിൽ കൂടുതൽ സത്യസന്ധരും കർമനിരതരുമാക്കിത്തീർക്കുന്നതിന് വൈദികർ ഉൾപ്പെടെയുള്ള സഭാപുരുഷന്മാർക്കു സാധിക്കുന്നു. ക്രിസ്തുവചനത്തിലൂന്നിയുള്ള സ്നേഹത്തിന്റെ സന്ദേശത്തിലൂടെയാണ് ഇവർ തങ്ങളുടെ കർത്തവ്യം നിർവഹിക്കുന്നത്.

നോമ്പാചരണങ്ങളും ദിവ്യബലിഉൾപ്പെടെയുള്ള നിരവധിയായ സഭാശുശ്രൂഷകളും തിരുസഭാ കൽപ നകളും ബിഷപ്പുമാർ ഉൾപ്പെടെയുള്ള സഭയെ നയിക്കേണ്ട വ്യക്തികൾ പുറപ്പെടുവിക്കുന്ന ശാസന ങ്ങളും ഇടയലേഖനങ്ങളും നയരൂപീകരണ കുറിപ്പുകളും ക്രൈസ്തവ സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ നന്മയ്ക്കുവേണ്ടിയുള്ളതാണ്.കെട്ടുറപ്പിനുവേണ്ടിയുള്ളതാണ്. ഇവയാൽ അനുനയി ക്കപ്പെടുന്ന ജീവിതമാണ് ക്രൈസ്തവരുടേത്.തന്റെ ഏക ആശ്രയമായി ക്രിസ്തുവിനെ കാണാൻ സാധിക്കുന്ന തരത്തിലേക്ക് ക്രൈസ്തവന്റെ ജീവിതം പരിവർത്തനപ്പെടുമ്പോഴേ ഒരാൾ യഥാർഥ ക്രിസ്താനിയാവുന്നുള്ളൂ. ഇത്തരം ജീവിത്തിൽ നിന്നുമാത്രമേ ക്രൈസ്തവന് യഥാർഥമായ ശാന്തിയും സമാധാനവും ലഭിക്കൂ. ഇത്തരം അവസ്ഥയിലേക്ക് നയിക്കുകയാണ് സഭയും വൈദികരും സഭാശു ശ്രൂഷകളും യഥാർഥത്തിൽ ചെയ്യുന്നത്.

## തെറ്റിദ്ധരിപ്പിക്കലിന്റെ പിരമിഡുകൾ

മേൽപ്പറഞ്ഞ തരത്തിലുള്ള സഭയുടെ പ്രവർത്തനങ്ങൾ സഭാമക്കളുടെ ആത്മീയവും ഭൗതികവു മായ ക്ഷേമത്തിനു വേണ്ടിയാണ്. ഇതെങ്ങനെ മറ്റു മതസ്ഥർക്ക് ദോഷകരമാവുന്നു എന്ന് എത്ര ആലോ ചിച്ചിട്ടും മനസിലാവുന്നില്ല. ഇതിൽ എന്ത് വർഗീയതയാണുള്ളതെന്നും അറിയില്ല. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നതാണ ക്രൈസ്തവ സഭ എക്കാലവും പഠിപ്പിക്കു കയും ഉദ്ബോധിപ്പിക്കുയും ചെയ്തിട്ടുള്ളത്. സ്വന്തം മക്കളെ നന്മയിൽ ഊട്ടിവളർത്തുന്നതിനുള്ള ശ്രമങ്ങളല്ലാതെ മറ്റു മതസ്ഥരെ ദ്വോഷിക്കുന്ന ഒന്നും ക്രൈസ്തവ സഭയിൽ നിന്നും ഉണ്ടായിട്ടില്ല അങ്ങനെയൊരു ആരോപണം ആർക്കും ഇല്ലതാനും. എന്നിട്ടും ഇപ്പോഴത്തെ ഭരണാധികാരികളുടെ കണ്ണിൽ ക്രൈസ്തവ സഭയ്ക്ക് പ്രത്യേക നിറം വന്നു ചേർന്നതും ക്രൈസ്തവ സഭയുടെ പ്രബോധ നങ്ങളും പ്രവർത്തനങ്ങളും മതാന്ധതയായി പരിഗണിക്കപ്പെടുന്നതും അടുത്തകാലത്താണ്.

## സഭയ്ക്കെതിരെ സംഘടിതാക്രമണം

അപ്പോൾ കിട്ടുന്ന എല്ലാ സന്നാഹങ്ങളും ഒരുമിച്ചുകൊണ്ട് സഭയ്ക്കെതിരെ പടനയിക്കുക. പ്രത്യേ കിച്ചും ഇലക്ഷൻ വരുന്ന സാഹചര്യത്തിൽ തങ്ങൾ പറഞ്ഞതിനെയെല്ലാം വിസ്മരിച്ചുകൊണ്ട് വീണ്ടും അധികാരത്തിനായി ശ്രമിക്കുമ്പോൾ ക്രൈസ്തവ സഭയുടെ കാരുണ്യം ഇപ്പോഴത്തെ ഭരണകൂടത്തിന് ആവശ്യമാണ്. അതിനായി സൗമ്യസ്വരവുമായി നേതാക്കൾ എത്തുമ്പോഴും അവരുടെ ഉള്ളിൽ ചുര മാന്തുന്ന കാട്ടുമൃഗത്തെ സഭാനേതൃത്വം തിരിച്ചറിയുന്നു. അതിനെ പല സാഹചര്യത്തിലും തുറന്നു കാണിക്കുന്നു. ഇലക്ഷൻ കഴിയുന്നതോടെ ഇപ്പോഴത്തെ ഭരണനേതൃത്വം വീണ്ടും തങ്ങളുടെ യഥാർഥസ്വഭാവത്തിലേക്ക് തിരികെ പോകും. കാരണം തങ്ങൾ ഇപ്പോൾ അണിഞ്ഞിരിക്കുന്ന സൗമ്യ സുന്ദരമായ മുഖംമൂടി ഏറെനേരം തുടർന്നുകൊണ്ടുപോകാൻ സാധിക്കില്ലെന്ന് പാർട്ടിനേതൃത്വത്തിന് അറിയാം. ഇത് വ്യക്തമായി സഭാനേതൃത്വം തിരിച്ചറിയുന്നു എന്നതാണ് ഇപ്പോൾ പാർട്ടിനേതൃത്വത്തെ അലട്ടുന്നത്.

## എന്തുകൊണ്ട് ഇടലേഖനം

പള്ളികളിൽ എന്തുകൊണ്ട് പ്രബോനാത്മകമായ ഇടയലേഖനങ്ങൾ വായിക്കുന്നു എന്നാണ് സഭയ്ക്കു പുറത്തുനിന്നുള്ളവർ നിരന്തരം ചോദിക്കുന്നത്. ദേവാലയത്തിൽ ആത്മീയശുശ്രൂഷകൾ മാത്രം നടത്തിയാൽ പോരെ എന്നൊക്കെയുള്ള ചോദ്യങ്ങളെ അറിവില്ലായ്മ എന്നു മാത്രമേ പറയാ നാവൂ.ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുന്നത് സഭാമക്കളുടെ ആത്മീയ പരിപോഷണത്തിനും ഇടയലേഖനവും ദിവ്യബലിമധ്യേയുള്ള പ്രസംഗം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രബോനങ്ങളുമാണ്. ഈ ഘടന സഭയുടെ ആദ്യകാലഘട്ടം മുതൽക്കേ ഉള്ളതാണ്. ഉപമകൾ നിറഞ്ഞ പ്രബോധനങ്ങളിലൂടെയാണ് ക്രിസ്തു ക്രൈസ്തവരോടു സംവദിച്ചിരുന്നത്. ദേവാലയ പരിസരത്തും മരത്തണലുകളിലും പട്ടണങ്ങളിലും നഗരങ്ങളിലും തന്റെ പ്രബോധനങ്ങളുമായി ജനങ്ങളെ കണ്ടിരു ന്നു.

ദിവ്യബലിയിൽ പങ്കെടുക്കുന്നതിനായി ദേവാലയത്തിൽ എത്തുന്ന അവസരത്തിലാണ് ക്രൈസ്തവർ പരസ്പരം കാണുന്നതും തങ്ങളുടെ സൗഹൃദങ്ങളും ബന്ധങ്ങളും പുതുക്കുന്നതും അവരുടെ കൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതും. ദിവ്യബലിയിൽ സംഭവിക്കുന്നത് ക്രൈസ്തവരുടെ ദൈവത്തോടുള്ള വിശ്വാസപ്രഖ്യാപനമാണ്. പൂർണവിധേയത്വത്തിന്റെ ഏറ്റുപറച്ചിൽ. ക്രിസ്തുവിന്റെ ബലിയിൽ പങ്കാളികളാവുക. ഇതിലൂടെ ക്രൈസ്തവരെ ആത്മീയമായി ഉണർത്തുകയും ഉയർത്തുകയുമാണ് സഭാപ്രതിപുരുഷനായ വൈദികൻ ചെയ്യുന്നത്.

ദിവ്യബലിക്കിടയിൽ വൈദികൻ നടത്തുന്ന പ്രസംഗങ്ങളും സംഭവകഥകളും ഉപമകളും നല്ല ക്രൈസ്തവനായി എങ്ങനെ ജീവിക്കാം എന്നുള്ള പ്രബോധനമാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും മാതൃക സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള ഉപദേശങ്ങളാണ് പലപ്പോഴും നടക്കുന്നത്. ഇതിന് ഉപോദ്ബലമായി ബൈബിൾ വചനങ്ങളുമുണ്ടാവും. മദ്യപാനം, പുകവലി എന്നീ ദുശീലങ്ങൾ ഉപേക്ഷിക്കേണ്ടതിന്റെയും കുടുംബത്തിൽ സമാധാനത്തിനുവേണ്ടി നടത്തേണ്ട പരിശ്രമങ്ങളും ഭാര്യ,ഭർത്താവ്, കുട്ടികൾ, മാതാപിതാക്കൾ എന്നിവരോട് എപ്രകാരം ഹൃദപൂർവം ഐക്യംപ്രാപിക്കണം എന്നതിനെക്കുറിച്ചുമൊക്കെ ബൈബിൾ വചനങ്ങളുടെ പിൻബലത്തോടെ ദിവ്യബലിയിലെ കാർമികനായ വൈദികൻ സംസാരിക്കുന്നു. ഇതെല്ലാം ക്രൈസ്തവരുടെ ഭൗതികജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതുവേണ്ടിയാണ്.

## ഇടയലേഖനത്തെ ഭയപ്പെടുന്നത് എന്തുകൊണ്ട് ?

സഭ വ്യക്തമായ തീരുമാനം എടുക്കേണ്ട അവസരത്തിലുംസഭയുടെ നിലനിൽപ് അപകടത്തിലാക്കുന്ന വിധത്തിൽ ഭരണാധികാരികളും നിയമനിർമാണങ്ങളും സഭയുടെ പുറത്തുനിന്നുള്ളവരുടെയും രാഷ്ട്രീയപ്രവർത്തകരുടെയും വിമർശനങ്ങളും വരുമ്പോൾ അതിനെ പ്രതിരോധിക്കുന്നതിനുള്ള ശ്രമവുമാണ് പ്രധാനമായും ഇടയലേഖനത്തിലൂടെ സാധിക്കുന്നത്. ഇത് സഭാപിതാക്കന്മാർ തങ്ങളുടെ ആത്മീയ അറിവുകളുടെ പിൻബലത്തിലും ഓരോവിഷയത്തിലും പ്രാഗത്ഭ്യമുള്ള വ്യക്തികളുടെ അഭിപ്രായവും അനുസരിച്ചു രൂപപ്പെടുത്തുന്നവയാണ്.

ഇടയലേഖനങ്ങൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് ക്രൈസ്തവ സഭാമക്കളുടെ ആത്മീയവും ഭൗതികമായ ഉന്നമനമാണ്. അവരുടെ മനസിൽ രുപപ്പെടുന്ന ചെറു സംശയങ്ങൾക്കുള്ള മറുപടിയാണ്. തങ്ങളുടെ രാഷ്ട്രീയ ആശയരൂപീകരണത്തിനുള്ള ചെറുസഹായമാണ്. സഭയെ ദ്വേഷിക്കുന്ന ശക്തികൾക്കുള്ള ശക്തമായ മറുപടിയാണ്.അതിനാൽ തന്നെ ഇടലേഖനങ്ങൾക്ക് സഭാപരമായ ഉദ്ദേശശുദ്ധിയുണ്ട്. സഭാപരമായ പ്രത്യേക ലക്ഷ്യവുമുണ്ട്. നിരവധി വാദമുഖങ്ങൾ കേട്ട് ഏതു തരത്തിലുള്ള രാഷ്ട്രീയ തീരുമാനം എടുക്കണം എന്നറിയാതെ സംശയക്കടലിൽപെട്ടുഴലുന്ന ക്രൈസ്തവരെ ശരിയായ തീരത്ത് എത്തിക്കാൻ ഇടലേഖനങ്ങൾക്ക് സാധിക്കുന്നുണ്ട്. സഭയുടെ ശബ്ദമായി മാറുന്ന ഇടയലേഖനങ്ങൾ ശ്രവിക്കാനും അതിനനുസരിച്ച് ചിന്തയെ ശരിയായ ദിശാബോധത്തോടെ നയിക്കാനും ക്രൈസ്തവ സമൂഹത്തിനും സാധിക്കുന്നുണ്ട്. അതിനാൽ തന്നെ പലപ്പോഴും ഇടയലേഖനത്തിന്റെ ഉദ്ദേശലക്ഷ്യം പലപ്പോഴും പൂർത്തീകരിക്കാറുമുണ്ട്.

## ആരായിരിക്കണം തെരഞ്ഞെടുക്കപ്പെടേണ്ടവർ ?

തെരഞ്ഞെടുപ്പ് എന്നാൽ ഏറ്റവും മികച്ച വ്യക്തിയെ കണ്ടെത്തുക എന്നാണ്. തെരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ ജീവിതത്തെ ആത്മീയവും ഭൗതികവുമായി മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്ന ആളായിരിക്കണമെന്നും ആഗ്രഹിക്കുന്നതിൽ തെറ്റുണ്ടോ? അങ്ങനെ ആയിരിക്കേണ്ടതിനല്ലേ നാം ഒരു പ്രത്യേക വ്യക്തിയ തെരഞ്ഞെടുക്കുന്നത്. എന്നാൽ നാം തെരഞ്ഞെടുക്കുന്ന വ്യക്തി നമ്മുടെ വിശ്വാസപ്രമാണങ്ങൾക്കും ജീവിതവീക്ഷണങ്ങൾക്കും യോജിക്കാത്ത വ്യക്തിയാണെങ്കിൽ അവിടെ സംഘർഷം ആരംഭിക്കുകയായി. നമ്മുടെ വീക്ഷണങ്ങളോടും ആശയങ്ങളോടും യോജിപ്പും നമ്മോടൊപ്പം അനുയാത്രചെയ്യണമെന്നും അല്ല നാം ശഠിക്കുന്നത്. മറ്റു മതവിശ്വാസങ്ങളിലും നന്മയുണ്ട് എന്നു തന്നെയാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്.

എന്നാൽ മതവിശ്വാസത്തെ തന്നെ നിരാകരിക്കുന്നവരായാലോ? ഏതു മതത്തിൽ വിശ്വസിക്കുന്നവരെയും അവഹേളിക്കുകയും മതമേലധ്യക്ഷന്മാരെ നികൃഷ്ടപദങ്ങളാൽ വിശേഷിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെ നാം എങ്ങനെ നമ്മുടെ നേതാവായി തെരഞ്ഞെടുക്കും. അവർക്ക് നമ്മുടെ ആത്മീയവും ഭൗതികവുമായ ജീവിതത്തെ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും. മതവിശ്വാസമെന്നാൽ കൊടും പാപമെന്ന് വിശ്വസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരെ നാം എങ്ങനെ വിശ്വസിക്കും. അവർ നമ്മുടെ വിശ്വാസ ജീവിതത്തെ പരിഹസിക്കുമ്പോൾ, നമ്മുടെ ദേവാലയുവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വിരുദ്ധനിലപാടു സ്വീകരിച്ചാൽ കൈയടിക്കുവേണ്ടി ഇനിയും നമ്മുടെ പിതാക്കന്മാരെ അവഹേളിച്ചാൽ അത് നാമെങ്ങനെ സഹിക്കും. അതിനാൽ നമ്മേ നയിക്കേണ്ടവർ നമുക്കുവേണ്ടി നിയമനിർമാണം നടത്തേണ്ടവർക്ക് വിശ്വാസം വേണമെന്നല്ല മതത്തെ ബഹുമാനിക്കുന്നതിനുള്ള മനസെങ്കിലും ഉണ്ടാവേണ്ടതല്ലേ. അല്ലാത്തവരെ നാമെങ്ങനെ വിശ്വസിക്കും.

## ഓർമ്മയുണ്ടായിരിക്കണം

അടുത്തകാലത്ത് നിയമപരിഷ്കരണ കമ്മിറ്റി നൽകിയ ശിപാർശകളും അതുണ്ടാക്കിയ വിവാദങ്ങളും നാമെങ്ങനെ മറക്കും. അവർ നടത്തിയ നിയമനിർമാണം ഒരു പ്രത്യേക പ്രത്യശാസ്ത്രത്തിന്റെ ചട്ടക്കുടിനുള്ളിലേക്ക് സഭാവിശ്വാസികളെയും വിശ്വാസത്തെയും ഒതുക്കിനിറുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു. എന്നാൽ അതു നടക്കാതെ പോയത് ക്രൈസ്തവസഭ പ്രത്യേക ഊർജത്തോടെ നിയമപരിഷ്കരണ സമിതി ശിപാർശകൾ  നടപ്പാക്കുന്നതിനെതിരെ രംഗത്തുവന്നതുകൊണ്ടുമാത്രമാണ് അവ ഇപ്പോഴും ശിപാർശകൾ മാത്രമായി നിലനിൽക്കുന്നത്. ഇനി തത്ക്കാലത്തേക്ക് മാറ്റിവെച്ചിരിക്കുകയാണോ എന്നും അറിയാനിരിക്കുന്നു. ഇലക്ഷൻ കഴിഞ്ഞ് ചിലപ്പോൾ വീണ്ടും നിയമപരിഷ്കരണ കമ്മിറ്റി നിർദേശങ്ങൾ നടപ്പിക്കാനും സാധ്യതയുണ്ട്. പാഠപുസ്തകവിവാദം, മതമില്ലാത്ത ജീവൻ... തുടങ്ങിയ വിവാദപരമായ എത്രയോ സംഭവങ്ങളിലും സന്ദർഭങ്ങളിലുമാണ് സഭ പാർട്ടിയുടെയും ഭരിക്കപ്പെടുന്നവരുടെയും അപഹാസത്തിന് വിധേയമായത്. അതുകൊണ്ട് ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളെ തിരിച്ചറിയുകയും അതു ചെന്നായ് തന്നെയാണെന്ന് വിളിച്ചുപറയാനുള്ള വിവേകം നാം ഈ ഇലക്ഷൻ അവസരത്തിലെങ്കിലും കാണിക്കുകയും വേണം. ഈ ആർജവം നാം ഇപ്പോൾ പ്രകടിപ്പിച്ചില്ലെങ്കിൽ ക്രൈസ്തവനുമേൽ പതിക്കനിരിക്കുന്നത് പ്രത്യശാസ്ത്രങ്ങളുടെ പെരുമഴയായിരിക്കും. അതിന്റെ പ്രചണ്ഡമായ ഒഴുക്കിൽ നൂറ്റാണ്ടുകളായി നാം കാത്തുസൂക്ഷിച്ച  ക്രൈസ്തവമൂല്യങ്ങളും നമ്മുടെ പൈതൃകവും വിശ്വാസപ്രമാണങ്ങളും എല്ലാം നഷ്ടപ്പെട്ടേക്കാം.

എല്ലാ പ്രത്യശാസ്ത്രപ്പെരുമഴയേയും തടഞ്ഞുനിറുത്താൻ സാധിക്കുന്ന അണകെട്ടാനുള്ള പരിശ്രമം കൂടിയായിരിക്കണം ഈ ഇലക്ഷൻ കാലം. പ്രത്യയശാസ്ത്രപ്പെരുമഴയ്ക്കെതിരെ ക്രൈസ്തവർ അണകെട്ടേണ്ടത് ക്രൈസ്തവവിശ്വാസം കൊണ്ടുതന്നെയാവണം. അതു നമുക്കു സാധിക്കും. അതിന് ഏറ്റവും പറ്റിയ സമയമാണ് ഈ ഇലക്ഷൻ കാലം. എല്ലാക്കാലത്തും ഇലക്ഷൻകാലത്താണ് രാഷ്ട്രീയപാർട്ടികളാൽ ക്രൈസ്തവർ ഏറെ ബഹുമാനിക്കപ്പെടുകയും പിന്നീട് ഏറ്റവും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നത്. ഇത്തരം ചതികൾ ഇനി ആവർത്തിക്കാൻ ഇടവരുത്തരുത്. കഴിഞ്ഞ രണ്ടുവർഷം ക്രൈസ്തവസഭയും സഭാവിശ്വാസി എന്ന നിലയിൽ നാമും അനുഭവിച്ചുതീർത്ത എല്ലാം ക്രൈസ്തവരുടെ മനസിൽ ഓർമയുണ്ടാവണം.

എല്ലാ ഓർമകളും കത്തിജ്വലിക്കുന്ന മനസിൽ നിന്നുവേണം ഇത്തവണ ആർക്കുവോട്ടുനൽകണം എന്ന ചിന്ത ഉദിക്കാവൂ. വോട്ടുവാങ്ങിയതിനുശേഷം വീണ്ടും ക്രൈസ്തവൻ വിഡ്ഢിവേഷം കെട്ടി എന്നു മനസിൽ പരിഹസിക്കാൻ ആർക്കും അവസരം നൽകരുത്. തെരഞ്ഞെടുക്കപ്പേടേണ്ടവർ നമ്മുടെ വിശ്വാസത്തിലൂടെ അനുയാത്ര ചെയ്യുന്ന ആളല്ലെങ്കിലും വിശ്വാസത്തെ ദ്വോഷിക്കുന്ന ആളാവരുത്. ക്രൈസ്തവ സഭയെ ബഹുമാനിക്കുന്ന, വിശ്വാസസംഹിതകളെ ചോദ്യം ചെയ്യാത്ത ആളാവണം തെരഞ്ഞെടുക്കപ്പേടേണ്ടത്.  മതവിശ്വാസം ആദരിക്കുന്ന പാർട്ടിയാവണം അധികാരത്തിലെത്തേണ്ടത്. എല്ലാം ഓർകളുള്ള ക്രൈസ്തവർക്ക് ഇങ്ങനെ മാത്രമേ ഈ ഇലക്ഷനെ സമീപിക്കാനാവൂ.